14442
16/8/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2018-ലെ പ്രളയത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി തലപ്പള്ളി താലൂക്കിൽ ദേശമംഗലം വില്ലേജിൽ വീടുകൾ നിർമ്മിക്കുന്നതിന് സ്ഥലം (0.7683 ഹെക്ടർ) സജ്ജീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,82,603/- (അഞ്ചുലക്ഷത്തി എൺപത്തിരണ്ടായിരത്തി ആറുനൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നം. **264/2019/റവ.** തിരുവനന്തപുരം, തീയതി, 19.08.2019.

==========================================

പരാമർശം:- തൃശ്ശൂർ ജില്ലാ കളക്ടറുടെ 11.03.2019-ലെയും 20.06.2019-ലെ എച്ച്7/8087/2018 നമ്പർ കത്തുകൾ.

## ഉത്തരവ്

2018-ലെ പ്രളയക്കെടുതിയിൽ വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി വീടുകൾ നിർമ്മിക്കുന്നതിന് ഡോ. ഉഷാ രാമകൃഷ്ണൻ എന്ന വ്യക്തിയിൽ നിന്നും ലഭ്യമായിട്ടുള്ളതും തലപ്പള്ളി താലൂക്ക് ദേശമംഗലം വില്ലേജ് സർവ്വെ 325 & 337-ൽപ്പെട്ടതുമായ 0.7683 ഹെക്ടർ ഭൂമി (1.90 ഏക്കർ), തട്ടുകളായി തിരിക്കുന്നതിനും നിരപ്പാക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ പ്ലോട്ടുകളായി തിരിക്കുന്നതിനും സർവ്വെ നടപടികൾ പൂർത്തീകരിച്ച് സർവ്വെ കല്ലുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തികൾക്കായി എൽ.എസ്.ജി.ഡി. വടക്കാഞ്ചേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 5,82,603 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്ന് തൃശ്ശൂർ ജില്ലാകളക്ടർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചു. പ്രസ്തുത ഭൂമി നിരപ്പാക്കി പ്ലോട്ടുകൾ തിരിച്ച് ഭവന നിർമ്മാണത്തിന് സജ്ജമാക്കിയ ശേഷം സർക്കാർ ഏജൻസികൾ മുഖേന ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രളയക്കെടുതിയിൽ വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി വീടുകൾ നിർമ്മിക്കുന്നതിന് ഡോ. ഉഷാ രാമകൃഷ്ണൻ എന്ന വ്യക്തിയിൽ നിന്നും ലഭ്യമായിട്ടുള്ളതും തലപ്പള്ളി താലൂക്ക് ദേശമംഗലം വില്ലേജ് സർവ്വെ 325 & 337-ൽപ്പെട്ടതുമായ 0.7683 ഹെക്ടർ ഭൂമി (1.90 ഏക്കർ), നിരപ്പാക്കി തട്ടുകളായി തിരിക്കുന്നതിനും പ്ലോട്ടുകളാക്കുന്നതിനും സർവ്വെ നടപടികൾ പൂർത്തീകരിച്ച് സർവ്വെക്കല്ലുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തികൾക്കുമായി, എൽ.എസ്.ജി.ഡി. വടക്കാഞ്ചേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയതും തൃശ്ശൂർ ജില്ലാകളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതുമായ 5,82,603/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചും ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 5,82,603/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു.

..2/-

3 വിതരണത്തിനാവശ്യമായി വരുന്ന 5,82,603/- (അഞ്ചുലക്ഷത്തി എൺപത്തിരണ്ടായിരത്തി ആറുനൂറ്റി മൂന്ന് രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.